# മാവേലി നാടുവാണീടും കാലം



ഒരുജാതി ഒരുമതമെന്നപോലെ
ഒരുദൈവമൊരുലോകം എന്നപോലെ.

മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ

ഒരുജാതി ഒരുമതമെന്നപോലെ
ഒരുദൈവമൊരുലോകം എന്നപോലെ.

മുകളിലശോക വനികകളിൽ
മദഭര നർത്തന ലഹരികളിൽ

മുഴുകിക്കഴിഞ്ഞവർക്കുള്ളിലെല്ലാം
മുറുകിയമർഷങ്ങളെന്തുകൊണ്ടോ.

ദേവാധിനായക ദൂതനായി
വാമനനിങ്ങോട്ടു വന്നുപോലും.

' മൂന്നടി മണ്ണെൻറ കാലടിയാൽ
ഞാനളന്നീടട്ടെ ചക്രവർത്തി!

ദയവുള്ള സമ്രാട്ടേ! നിൻെറ നാട്ടിൽ
കുടിവച്ചു വാഴുവാനാണു മോഹം.'

പുഞ്ചിരിക്കൊണ്ടു നീ ചൊല്ലിയേവം:
' സംപൂജ്യ! ഞാനിന്നു ചാരിതാർത്ഥ്യൻ.'

അടിവച്ചു, മണ്ണിലും വിണ്ണിലും ര–
ണ്ടടി വച്ചു, നീണ്ടു നിവർന്നുനിന്നു

പൊൻമണിമുത്തുകളാടി മിന്നും
പൊന്നിൻ കിരീടത്തിൽ നോക്കി മന്ദം

രാജാധിരാജനാം നിൻെറ കൂടെ
വാമനൻ ചോദിച്ചിതൊന്നു കൂടെ:

' എവിടെ ഞാൻ വയ്ക്കേണ്ടു ചക്രവർത്തി!
ഇനിയുമെൻ കാലടിയൊന്നുകൂടി ?

സമ്പൽസമൃദ്ധി നിറഞ്ഞു നില്ക്കും
സ്വന്തരാജ്യത്തിൻെറ മാറിൽ നിന്നും

ഉയരുന്ന കാലടിയേറ്റുവയ്ക്കാൻ
കുനിയാത്ത നിൻതല താണുചെന്നു.

' വരുവാനൊരിക്കലൊരാണ്ടിലെന്നെ
അനുവദിച്ചീടുമോയെൻെറ നാട്ടിൽ?

മധുരിക്കുമോർമ്മകൾ ചൂഴ്ന്നു നില്ക്കും
മലയാളമെങ്ങിനെ ഞാൻ മറക്കും?

പൂണൂലിൽ വിരലു തെരുപ്പിടിച്ചു
വാമനൻ ഗൗരവം പൂണ്ടു ചൊല്ലിഃ

' വരുവാനനുവാദം തന്നിടുന്നു
മലനാടിന്നധികാരി ഞാനിനിമേൽ.'

തൊഴുകൈപ്പൂമൊട്ടുമായ് നീ പിരിഞ്ഞു
തരളിത സ്വപ്നങ്ങൾ പോയ്മറഞ്ഞു.

പൊൻമുടി ചൂടിയ നിൻതലയിൽ
വൻമദമാർന്നൊരാക്കാലടിയാൽ

പാതാളലോകത്തിലേയ്ക്കു നിന്നെ
വാമനൻ താഴോട്ടു തള്ളിവീഴ്ത്തേ

സംപൂതസത്യമേ! നിൻ തലയിൽ
വഞ്ചന തൻചവിട്ടേറ്റുവല്ലോ.

നിൻരഥചക്രമുരുണ്ടുപോയോ–
രിവിടത്തെ വീഥിയിൽ, ജനപദത്തിൽ

കുതിരക്കവഞ്ചികളാഞ്ഞു വീശി
അനുദിനം മനുഷ്യനെ വേട്ടയാടി

അധികാരം കൈയിലടക്കി നിർത്തി
അറിവിൻെറ വട്ടക്കുട ചുഴറ്റി

വേലികൾ കെട്ടി, വരമ്പു കുത്തി
വേണ്ടാത്ത വർണ്ണങ്ങൾ വാരിവീശി

വാമനൻ സൃഷ്ടിച്ചു ഭൂമിയിലും
പാതാളം തോൽക്കുന്ന തന്റെ ലോകം.

മാവേലി വാണൊരാ നല്ലകാലം
മാമലനാടിൻ സുവർണ്ണകാലം

ഒരു പഴകഥയായിരുന്നിരിക്കാം
കവിയുടെ ഭാവനയായിരിക്കാം.

എകിലും കൈമാറി തലമുറകൾ
എത്രയോ കാലമായിക്കഥകൾ.

പുതിയോരുഷസിനെക്കാത്തു നില്ക്കും
പഴയോരു നാടിന്റെയേടിൽ നിന്നും

ഒരു നല്ലകാലത്തിൻ രേഖയായി
ഒരുമ തന്നാദർശ ചിത്രമായി

സമത തന്നൽഭുതദൃശ്യമായി
മായാത്തൊരോമൽ പ്രതീക്ഷയായി

പൊന്നോണമേ, നിന്നെ ഞങ്ങളിന്നും
പൊന്നണിയിക്കുന്നിതോർമ്മകളിൽ.

മഞ്ഞുമലകൾ തൻ മുകളിലൂടെ
വെള്ളിവെളിച്ചമരിച്ചിറങ്ങേ

താഴത്തു ദൂരത്തു നിന്നു നിന്റെ
തേരുരുളൊച്ചകൾ കേട്ടുവല്ലോ.

മാവേലി മന്നവ! നിന്റെ രാജ്യം
മാനുഷഹൃത്തിൻ മധുരസ്വപ്നം.

ഇരുളാർന്നൊരീമണ്ണിൽ നിന്റെ നാമം
ഒരു മെഴുതിരി തന്റെ ദീപനാളം.

**നിറപറ വച്ചു, നിലവിളക്കും**
**നിറമുള്ള പൊന്നിൻ കിനാക്കളുമായ്**

**തലമുറയായി നാം കാത്തു നില്പൂ**
**തറവാട്ടുമുന്നിൽ നിൻ വരവു കാണാൻ.■**